**I ഇ.ബി. XIII – കേരള നിയമസഭ/II-11**

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ഒക്ടോബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**നിത്യോപയോഗ സാധനങ്ങളുടെയും ജീവൻരക്ഷാമരുന്നുകളുടെയും വിലവർദ്ധന**

മി. സ്പീക്കർ : നിത്യോപയോഗ സാധനങ്ങളുടെയും ജീവൻരക്ഷാമരുന്നുകളുടെയും രാസവളങ്ങളുടെയും വില ദിനംപ്രതി കുതിച്ചുയരുന്നതിനാലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വർദ്ധിക്കുന്നതിനാലും നിത്യജീവിതം ദുരിതപൂർണ്ണമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. എസ്. സുനിൽകുമാർ, എം. ചന്ദ്രൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ നിന്നുകൊണ്ട് രാസവള സബ്സിഡി നൽകുന്നതിന് ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്. ഔഷധ വിലവർദ്ധന ജനങ്ങളെ വളരെയധികം ബാധിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി ഡോക്ടർമാരുടെ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് ജനങ്ങൾ കൂടുതലായി വാങ്ങുന്ന മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഹെൽത്ത് സെക്രട്ടറിയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡി. യും ബാംഗ്ലൂരും ബോംബെയിലുമുള്ള മരുന്നുല്പാദകരുടെ സംഘടനകളുമായി സംസാരിച്ച് ഒരു പരിപാടിക്ക് രൂപം നൽകുന്നതിനായി അവരെ കേരളത്തിലേക്ക് വിളിച്ചിട്ടുണ്ട്. 20-ാം തീയതി ബന്ധപ്പെട്ട മന്ത്രിമാരും മുഖ്യമന്ത്രിയും അവരുമായി ചർച്ച ചെയ്ത് ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന മരുന്നുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ജീവൻരക്ഷാമരുന്നുകളുടെ പേരിൽ നടക്കുന്ന ചൂഷണം അനുവദിക്കാൻ കഴിയില്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം കുറേക്കൂടി സജീവമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അരിവിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. നിത്യോപയോഗ സാധനങ്ങളുടെ വില പരമാവധി നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട്. പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : നിത്യോപയോഗ സാധനങ്ങളുടെയും ജീവൻരക്ഷാമരുന്നുകളുടെയും വിലവർദ്ധന പിടിച്ചുനിറുത്താൻ നൂറ് ദിന

കർമ്മപരിപാടിയിലൂടെ ഒന്നും ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അരി ഉല്പാദനം വർദ്ധിച്ച് ഗോഡൗണുകളിൽ സൂക്ഷിച്ചുവയ്ക്കാൻ സ്ഥലമില്ലാതെ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടും സംസ്ഥാനത്ത് അരിയുടെ വില കുറയാത്തതിന്റെ ഉത്തരവാദിത്തം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ കെടുകാര്യസ്ഥതയെയാണ് സൂചിപ്പിക്കുന്നത്. എൽ.ഡി. എഫ്. ഭരണകാലത്ത് പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്തി വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിരുന്നു. കൃഷിക്കാർക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകിക്കൊണ്ട് സംസ്ഥാനത്തി നാവശ്യമായ സാധനങ്ങൾ ഇവിടെ ഉല്പാദിപ്പിച്ചിരുന്നു. കഴിഞ്ഞ നൂറ് ദിവസം കൊണ്ട് അതെല്ലാം തകർക്കുകയാണ് ഈ സർക്കാർ ചെയ്തത്. വളത്തിന്റെ വിലനിയന്ത്രണാധികാരം നിർമ്മാണക്കമ്പനികളെ ഏല്പിക്കുക വഴി കർഷകദ്രോഹമാണ് ചെയ്തിരിക്കുന്നത്. പൊട്ടാഷ് വളത്തിന് കേന്ദ്ര സർക്കാർ നൽകിവരുന്ന സബ്സിഡിക്ക് ആദ്യമായി സംസ്ഥാന ഗവൺമെന്റ് സെയിൽസ് ടാക്സ് ഏർപ്പെടുത്തിയതിന്റെ ഫലമായി ഇതിന്റെ വിതരണം നിലച്ചിരിക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. 2012 ജൂൺ മാസത്തോ ടുകൂടി വളത്തിന്റെ സബ്സിഡി പൂർണ്ണമായും എടുത്തുകളയാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുകവഴി കോർപ്പറേറ്റ് കമ്പനികൾക്ക് കോടിക്കണ ക്കിന് രൂപ സബ്സിഡി നൽകുകയാണ്. കുടുംബശ്രീകളെ ഏൽപ്പിക്കാൻ എന്ന വ്യാജേന കേരളത്തിലേക്ക് കോൺട്രാക്ട് കൃഷി കൊണ്ടുവന്ന് കൃഷിയും വളം നിർമ്മാണ മേഖലയും കോർപ്പറേറ്റുകളെ ഏൽപ്പിച്ച് കാർഷിക മേഖലയെ തകർക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഡീസലി ന്റേയും പെട്രോളിന്റേയും പാചകവാതകത്തിന്റേയും വില വർദ്ധിപ്പിക്കുകയും

വൈദ്യുതിക്ക് സർച്ചാർജ് ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാൽ സാധാരണക്കാരുടെ വരവുംചെലവും തമ്മിൽ യോജിക്കാതായിരിക്കുന്നു. പച്ചക്കറിയുടെയും ജീവൻരക്ഷാമരുന്നുകളുടെയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. മരുന്നുവില നിയന്ത്രിക്കുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഷ്വറൻസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലൂടെ മരുന്ന് വിൽപന നടത്താനുള്ള അനുമതിക്കായി അതിന്റെ ബൈലാ ഭേദഗതി ചെയ്യണം. രാജ്യത്തെ മരുന്നുവിൽപ്പനയുടെ 27 ശതമാനം കേരളത്തിലാണെന്നത് കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്തണം. വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് ഈ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാത്ത വളരെ ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനുള്ളിൽ കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ അരി നൽകിക്കൊണ്ട് വില നിയന്ത്രിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വില കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞതായിട്ടാണ് കാണുന്നത്. നിത്യോപയോഗ സാധനങ്ങൾക്ക് നാമമാത്ര വിലവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് നൽകിവന്നിരുന്ന സബ്സിഡി നിരക്ക് കുറച്ചതനുസരിച്ച് രാസവളത്തിന്റെ വിലയും കൂടിയിട്ടുണ്ട്. സുസ്ഥിര നെൽക്കൃഷി വികസന പദ്ധതി പ്രകാരം കർഷകർക്ക് ഹെക്ടറിന് 1,500 രൂപ നിരക്കിൽ രാസവളം ഉൾപ്പെടെ കൊടുക്കുന്നതിന് 29 കോടി രൂപയും ഭക്ഷ്യ

സുരക്ഷാ പദ്ധതിയിലൂടെ അഞ്ചുകോടി രൂപയും  അനുവദിച്ചിട്ടുണ്ട്. കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് 71 കോടി രൂപയുടെ വളം സൗജന്യമായി നൽകുന്നുണ്ട്. കേരശ്രീ, ത്രിതല പഞ്ചായത്ത് പദ്ധതികൾ എന്നിവ വഴി സബ്സിഡി നൽകിയും രാസവളം വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നുണ്ട്. മരുന്ന് കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും പൊതുമാർക്കറ്റിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) സ്കൂൾ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

ശ്രീ. കെ.എൻ.എ. ഖാദർ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളിൽനിന്ന് സ്കൂൾ കുട്ടികളെ രക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പഴക്കമേറിയ വാഹനങ്ങൾ ഓടിക്കാതിരിക്കുന്നതിനും വേഗപരിധി നിശ്ചയിക്കുന്നതിനും 10 വർഷ ഡ്രൈവിംഗ് പരിചയവും

35 വയസ്സ് പ്രായപരിധിയും ഡ്രൈവർമാർക്ക് നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം. മദ്യപാനികളും കുട്ടികളോട് വാൽസല്യമില്ലാത്തവരും മൊബൈൽ ഫോണിനോട് ആസക്തിയുള്ളവരുമായ ഡ്രൈവർമാരെ ഒഴിവാക്കണം. കോൺട്രാക്ട് വ്യവസ്ഥയിലെടുക്കുന്ന സ്കൂൾ വാഹനങ്ങളിലെ ഡ്രൈവർമാരുടെ പേരും മേൽവിലാസവും ടെലിഫോൺ നമ്പരും അതിൽ കയറുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റും അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കണം. ഓരോ ദിവസവും വാഹനം പുറപ്പെടുമ്പോൾ വിദ്യാർത്ഥികളുടെ ഹാജർ പരിശോധിക്കുന്നതിന് ഒരു അദ്ധ്യാപകനോ രക്ഷകർത്താവോ വാഹനത്തിൽ ഉണ്ടായിരിക്കണമെന്ന നിബന്ധന വയ്ക്കണം. മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് ഓഫീസർമാരുടെയും ട്രാഫിക് പോലീസിന്റെയും എണ്ണം വർദ്ധിപ്പിച്ച് ഇത്തരം അപകടങ്ങൾ തടയുന്നതിന് അവരെ സജ്ജമാക്കണം. അപകടങ്ങൾക്കുത്തരവാദികളായവരെ കടുത്ത ശിക്ഷയ്ക്ക് വിധേയമാക്കാൻ കഴിയുംവിധം പോലീസ്, മോട്ടോർ വെഹിക്കിൾസ് ആക്ടുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ഓട്ടോറിക്ഷകളിലും വാനുകളിലും കയറ്റുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച് മാനദണ്ഡം നിശ്ചയിക്കുകയും ഇത് നടപ്പിലാക്കിയോ എന്ന് പരിശോധിക്കുകയും വേണം. രാവിലെ 8.00 മണി മുതൽ 10.30 വരെയും ഉച്ചയ്ക്കുശേഷം 3.30 മുതൽ 5.00 മണി വരെയുമുള്ള സമയത്ത് പൊതുനിരത്തിൽ ടിപ്പർ ലോറികൾ ഓടാനനുവദിക്കരുത്. കുട്ടികളുടെ യാത്രാസുരക്ഷിതത്വത്തിന്റെ കാര്യത്തിൽ പി.ടി.എ. യുടെ നിരന്തര ശ്രദ്ധയുണ്ടാകണം. ഇക്കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും രക്ഷകർത്താക്കളുടേയും സ്കൂൾ പ്രിൻസി

പ്പൽമാരുടേയും ഡ്രൈവർമാരുടെ പ്രതിനിധികളുടേയും അതാത് പ്രദേശത്തെ ജനപ്രതിനിധികളുടേയും സംയുക്തയോഗം വിളിച്ചുകൂട്ടാനും അത്യാവശ്യ ഘട്ടങ്ങളിൽ കൂടിയാലോചിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കാനും നടപടി സ്വീകരിക്കണം. കുട്ടികളെ കഴിയുന്നതും വീടിനടുത്തുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാനായി മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുള്ള പത്ത് നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാൻ ആഗ്രഹിക്കുന്നു. സ്കൂൾ വാഹനം ഓടിക്കുന്നവർക്ക് കുറഞ്ഞത് പത്ത് വർഷത്തെ ഡ്രൈവിംഗ് എക്സ്പീരിയൻസുണ്ടായിരിക്കണം, മദ്യപിച്ചും അലക്ഷ്യമായും അശ്രദ്ധയോടും വാഹനമോടിച്ചതിന് ശിക്ഷിക്കപ്പെടാത്തവരായിരിക്കണം, സ്കൂൾ വാഹനങ്ങളിൽ നിർദ്ദിഷ്ട സ്റ്റാന്റേർഡിലുള്ള സ്പീഡ് ഗവർണർ ഘടിപ്പിച്ചിരിക്കണം, വേഗത 40 കിലോമീറ്ററായിരിക്കണം, സ്കൂൾ വിദ്യാർത്ഥികളെ സുരക്ഷിതമായി കയറ്റുവാനും ഇറക്കുവാനും ഒരു അറ്റന്റർ വാഹനത്തിലുണ്ടാകണം, കേരള മോട്ടോർ വാഹന നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള നിശ്ചിത എണ്ണം കുട്ടികളെ മാത്രമേ ബസിൽ കയറ്റാവൂ, ബസിന്റെ വാതിലുകൾക്ക് ഷട്ടറുണ്ടാകണം തുടങ്ങിയ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് എസ്.ഐ.-മാർ പ്രിൻസിപ്പൽമാരുടേയും എച്ച്.എം.മാരുടേയും യോഗം വിളിച്ചുചേർത്ത് ഉറപ്പുവരുത്തേണ്ടതാണ്. കുട്ടികൾക്കായി ട്രാഫിക് ബോധവൽക്കരണ പരിപാടികൾ കേരളാ പോലീസ് ആവിഷ്ക്കരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലാസ്സുകൾ, ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം തുടങ്ങിയവ

സംഘടിപ്പിക്കുകയും ട്രാഫിക് നിയമങ്ങൾ അച്ചടിച്ച ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സ്കൂളുകളുടേയും പി.ടി.എ.-കളുടേയും പൂർണ്ണ സഹകരണം ലഭിക്കേ ണ്ടതുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടു മെന്റും സഹകരിച്ച് ഇതുപോലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. നിബന്ധനകൾ നടപ്പിലാക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

### (2) <u>ക്ഷീരകർഷകർക്ക് പാൽവില വർദ്ധനയുടെ പ്രയോജനം ലഭ്യമാകാത്ത അവസ്ഥ</u>

<u>ശ്രീ. കെ.വി. വിജയദാസ്</u>: കേരളത്തിലെ 14 ലക്ഷത്തോളം വരുന്ന ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന 25 ലക്ഷം ലിറ്റർ പാലിൽ ഏതാണ്ട് 12 ലക്ഷം ലിറ്ററോളം പാലാണ് സഹകരണ സംഘങ്ങളിലൂടെ മിൽമ ശേഖരി ക്കുന്നത്. ക്ഷീരകർഷകരെ അവരുടെ തൊഴിലിൽതന്നെ ഉറപ്പിച്ചുനിർത്താനും ആ തൊഴിൽ ആദായകരമാക്കാനും സർക്കാരിന്റെ സഹായസഹകരണം ആവശ്യമാണ്. ക്ഷീരകർഷകർക്ക് 4.20 രൂപ വീതം ലിറ്ററിന് ലഭിക്കുമെന്നുള്ള തുകൊണ്ടാണ് പാലിന് വിലകൂട്ടാനുള്ള മിൽമയുടെ തീരുമാനത്തെ ഗവൺമെന്റ് അനുകൂലിച്ചത്. പ്രത്യേക ജനുസ്സിൽപ്പെട്ട കേരളത്തിലെ പശു ക്കളുടെ പാലിൽ മിൽമ നിർദ്ദേശിക്കുന്ന ഗുണമേന്മ കുറവായതുകൊണ്ട് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. കാലിത്തീറ്റയുടെ സബ്സിഡിയും ക്ഷീര കർഷകന് മിൽമ അനുവദിച്ച ഒരു രൂപ ഇൻസെന്റീവും എടുത്തുകളഞ്ഞു. കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിലൂടെ കർഷകന് ഒരു ലിറ്റർ പാലിന് ലഭിക്കുന്ന വിലയിൽ 5 രൂപ കുറയും. സൊസൈറ്റികൾക്ക് ഗവൺമെന്റ് നിശ്ചയിച്ച 10 ശതമാനം

സംഭരണത്തുക മിൽമ വെട്ടിക്കുറച്ചിരിക്കുകയാണ്. പാലിന്റെ വിലവർദ്ധനവിൽ മിൽമയ്ക്കാണ് ഗുണം ലഭിക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ഇത് സഹകരണ സംഘങ്ങളിൽ നിന്നാണോ സ്വകാര്യ കച്ചവടക്കാരിൽ നിന്നാണോ ലഭ്യമാകുന്നതെന്ന് ഉറപ്പുവരുത്തുകയും വേണം. ചെക്ക് പോസ്റ്റുകളിൽ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള അധികാരം നൽകണം. കൃഷിക്കാരന് ഒരു ലിറ്റർ പാലിന് 15 രൂപ സബ്സിഡി കൊടുക്കാനും കാലിത്തീറ്റ സബ്സിഡിയും മിൽമ അനുവദിച്ച ഇൻസെന്റീവും പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ.സി. ജോസഫ്): പാലിന്റെ വില അവസാനമായി 5 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് 05-04-2011-ലാണ്. ഗവൺമെന്റും മിൽമയുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച അഞ്ചുരൂപയിൽ 4 രൂപ 20 പൈസ കൃഷിക്കാരനും 20 പൈസ പ്രൈമറി സൊസൈറ്റികൾക്കും 20 പൈസ പെട്രോളിന്റെ വിലവർദ്ധനവ് മൂലമുണ്ടായ ചെലവിനുവേണ്ടിയും 20 പൈസ മിൽമയ്ക്കുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് മിൽമ പാൽവില കൂട്ടാൻ തീരുമാനിച്ചതെങ്കിലും സ്റ്റേ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ മിൽമ ഹൈക്കോടതിയെ സമീപിച്ച് വില കൂട്ടാനുള്ള അധികാരം ലഭ്യമാക്കി. വർദ്ധിപ്പിച്ച പാൽവിലയുടെ ആനുകൂല്യം കൃഷിക്കാരന് ലഭ്യമാക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും.

## സബ്മിഷൻ

### (1) മാധ്യമ പ്രവർത്തകർക്ക് നേരെനടന്ന ആക്രമണം

ശ്രീ. വർക്കല കഹാർ: വർക്കല നടയറ ഗവൺമെന്റ് മുസ്ലീം ഹൈസ്കൂളിൽ ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി നടന്ന ശുചീകരണ പ്രവർത്തനങ്ങൾ അലങ്കോലപ്പെടുത്തി അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും മാധ്യമപ്രവർത്തകരേയും ആക്രമിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വർക്കല നടയറ ഗവൺമെന്റ് മുസ്ലീം ഹൈസ്കൂളിൽ സംഘടിപ്പിച്ച ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ സമാപനച്ചടങ്ങിൽ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസിനുവേണ്ടി ന്യൂസ് ശേഖരിച്ചുകൊണ്ടിരുന്ന മാധ്യമ പ്രവർത്തകനെയും ക്യാമറാമാനെയും ഭീഷണിപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ ടി. എം. സിനിമോൻ, മുബാഷ് എന്നിവരെ പോലീസ് അറസ്റ്റ് ചെയ്ത് കേസെടുത്തിട്ടുണ്ട്. കുറ്റക്കാരായവർക്കെതിരെ ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

### (2) ബംഗാളി തൊഴിലാളികൾക്കെതിരെ ആക്രമണം

ശ്രീ. സി. കെ. സദാശിവൻ: കായംകുളം മുരിക്കുംമൂട്ടിൽ നിർമ്മാണമേഖലയിൽ തൊഴിൽ ചെയ്യാനെത്തിയ ബംഗാളികളായ തൊഴിലാളികളെ ക്രൂരമായി ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കായംകുളത്ത് നിർമ്മാണ മേഖലയിൽ തൊഴിൽ ചെയ്യാനെത്തിയ അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്രൂരമായ മർദ്ദനമേറ്റതിനെത്തുടർന്ന് പരിക്കുപറ്റിയ 35 പേരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. 40-ഓളം പ്രതികളുള്ളതിൽ 9 പേരെ തിരിച്ചറിയുകയും 6 പേരെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. മറ്റുപ്രതികളെ കണ്ടെത്താൻ ഊർജ്ജിതമായ അന്വേഷണം നടത്തിക്കൊണ്ടിരക്കുകയാണ്.

## (3) വായ്പകൾക്ക് മോറട്ടോറിയം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: എൻഡോസൾഫാൻ ദുരിതബാധിതർ എടുത്തിട്ടുള്ള വായ്പകളുടെ മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിനും വായ്പ എഴുതിത്തള്ളുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൻഡോസൾഫാൻ ദുരിതബാധിതരെ ബുദ്ധിമുട്ടിലാക്കുന്ന ഒരു സാഹചര്യവും ഉണ്ടാകാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിന് നടപടി സ്വീകരിക്കും. എൻഡോസൾഫാൻ പ്രവർത്തനപരിപാടികൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എം.എൽ.എ.-മാർ, എം.പി., പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങിയ 51 അംഗ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സമിതി എടുക്കുന്ന തീരുമാനമനുസരിച്ചുള്ള എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്.

(4) <u>ഭൂനികുതി</u>

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ:</u> ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ കർഷകരിൽനിന്നും ഭൂനികുതി സ്വീകരിക്കാത്തതുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേയിലെ അപാകതകൾ പരിഹരിക്കുന്നതിന് എൽ.ആർ.എം. മുഖേന ലഭിച്ച 4323 പരാതികളിൽ 1050 പരാതികൾക്ക് പരിഹാരം ഉണ്ടാക്കുകയും 21 വില്ലേജുകളുടെ സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തുകയും അതിൽ 13 വില്ലേജുകളെ സംബന്ധിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 9 വില്ലേജുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കൊണ്ടോട്ടി ആസ്ഥാനമായി ഇലക്ട്രിക്കൽ ഡിവിഷൻ</u>

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> മലപ്പുറം ജില്ലയിൽ പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും മഞ്ചേരി ഇലക്ട്രിക്കൽ ഡിവിഷൻ വിഭജിച്ച് കൊണ്ടോട്ടി ആസ്ഥാനമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജവകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്</u>): മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നത് ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഞ്ചേരി ഡിവിഷനിൽ 15 സെക്ഷൻ ഓഫീസുകളുള്ളതിൽ 4 സെക്ഷൻ ഓഫീസുകൾ കൊണ്ടോട്ടിയിലാണ് സ്ഥിതി ചെയ്യുന്നത്. തിരൂർ ഡിവിഷനിൽനിന്നും കുറച്ചുഡിവിഷൻ ഓഫീ

സുകൾ വിഭജിച്ച് കൊണ്ടോട്ടി ആസ്ഥാനമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

(6) സ്ക്കൂൾ കുട്ടികൾക്കിടയിൽ കണ്ടുവരുന്ന അപൂർവ്വ രോഗം

ശ്രീ. പി. കെ. ബഷീർ : ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ക്കൂൾ കുട്ടികൾക്കിടയിൽ കാൽപ്പാദം വിണ്ടുകീറുന്ന അപൂർവ്വരോഗം പ്രകടമായിട്ട് ആറ് ദിവസത്തോളമായെങ്കിലും ഇതുവരെ മെഡിക്കൽ സംഘം സ്ഥലത്ത് എത്തിയിട്ടില്ലാത്തതിനാൽ അടിയന്തരമായി മെഡിക്കൽ ടീമിനെ അയച്ച് പഠനം നടത്തുന്നതിനും രോഗം നിയന്ത്രണവിധേയമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ : ഏലത്തൂർ മണ്ഡലത്തിലെ അറുന്നൂറോളം കുട്ടികളെ ബാധിച്ചിരിക്കുന്ന ഈ അത്ഭുതരോഗത്തെക്കുറിച്ച് പഠിക്കാനും ചികിൽസാസംഘത്തെ എത്തിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : മലപ്പുറം ജില്ലയിൽ അരീക്കോട്, കാവന്നൂർ, ഊർങ്ങാട്ടിരി പ്രദേശങ്ങളിലാണ് കാല് വിണ്ടുകീറുന്ന രോഗം കണ്ടുവരുന്നത്. 13 സ്ക്കൂളുകളിൽ മെഡിക്കൽ ആഫീസർമാരടക്കമുള്ള ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. രോഗലക്ഷണങ്ങളുമായി ആശുപത്രികളിൽ എത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യസഹായം നൽകുന്നുണ്ട്. 11-10-2011-ന് ജില്ലാ മെഡിക്കൽ ആഫീസർ ഉൾപ്പെടെയുള്ള മെഡിക്കൽ ടീം സ്ഥലം സന്ദർശിച്ച് കുട്ടികളെ പരിശോധിക്കുകയും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 17-10-2011-ന് മെഡിക്കൽ ക്യാമ്പ് നടത്താനും തീരുമാനിച്ചി

ട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെയും ത്വക്ക്രോഗ വിഭാഗത്തിലെയും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതാണ്. ഈ പ്രദേശങ്ങൾ സന്ദർശിച്ച് രോഗത്തെക്കുറിച്ചും രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും നിർദ്ദേശങ്ങൾ നൽകുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏലത്തൂർ മണ്ഡലത്തിലും വിദഗ്ദ്ധസംഘം പരിശോധന നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(7) <u>പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ അഭാവം</u>**

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>) : താലൂക്ക് ആശുപത്രിയായി ഉയർത്തിയ പേരാമ്പ്ര സി.എച്ച്.സി.യിൽ ആകെയുള്ള 10 ഡോക്ടർമാരുടെ തസ്തികകളിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ ഒന്നും ജൂനിയർ കൺസൾട്ടന്റ് സ്പെഷ്യാലിറ്റിയിൽ രണ്ടും ഒഴികെ ബാക്കിയുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സൂപ്പർന്യൂമററി തസ്തികയിൽ നാല് സ്റ്റാഫ് നഴ്സുമാരുടേയും എൻ.ആർ.എച്ച്.എം. മുഖേന മൂന്ന് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് നഴ്സിനെയും ഒരു ഫാർമസിസ്റ്റിനെയും ആശുപത്രി വികസന സമിതി നിയമിച്ചിട്ടുണ്ട്.

**(8) <u>ചന്തിരൂരിൽ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കൽ</u>**

<u>ശ്രീ. എ. എം. ആരിഫ്</u> : അരൂർ മേഖലയിലെ മൽസ്യ സംസ്ക്കരണ പ്ലാന്റുകളിൽനിന്ന് പുറംതള്ളുന്ന മാലിന്യങ്ങൾ ജലാശയങ്ങളെ മലിനമാക്കുന്നതോടൊപ്പം ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നതിന് പരിഹാരമായി ചന്തിരൂരിൽ ഒരു പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം

ആരോഗ്യവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽപ്പെട്ട അരൂർ, എഴുപുന്ന, കോടംതുരുത്ത് പഞ്ചായത്തുകളിലെ മത്സ്യ സംസ്ക്കരണ ശാലകളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അരൂർ ഭാഗത്ത് പൊതു മലിനജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്ന് ആറ് കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

**(9) <u>തൃത്താല പ്രൈമറി ഹെൽത്ത് സെന്ററിൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി</u>**

<u>ശ്രീ. വി.ടി. ബൽറാം:</u> തൃത്താല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> പാലക്കാട് ജില്ലയിലെ തൃത്താല മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ഒരു സ്റ്റാഫ് നഴ്സിന്റേയും മൂന്ന് ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-II-ന്റേയും ഒഴിവുകളുണ്ട്. സ്റ്റാഫ് നഴ്സിന്റെ

ഒഴിവ് നികത്തുന്നതിന് പോസ്റ്റിംഗ് ഓർഡർ നൽകിയിട്ടുണ്ട്. മറ്റുള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## (10) വടക്കാഞ്ചേരിയിൽ കമ്മ്യൂണിറ്റി കോളേജ്

ശ്രീ. എ.കെ. ബാലൻ: വടക്കാഞ്ചേരിയിൽ ടൂൾ ആന്റ് ഡൈ മേക്കിംഗ്, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇവിടെ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷന്റെ സാങ്കേതിക സഹായത്തോടുകൂടി ടൂൾ ആന്റ് ഡൈ മേക്കിംഗ്, ഇൻസ്ട്രുമെന്റേഷൻ എന്നീ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കെട്ടിടത്തിന്റെ രൂപകൽപ്പനയും ചെലവും ഉൾപ്പെടുന്ന വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി കെട്ടിടം ലഭ്യമാകുന്നതിനുമുൻപ് വടക്കാഞ്ചേരി എസ്.എൻ. ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഉപയോഗപ്പെടുത്തി കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (11) തുറമുഖങ്ങളുടെ പ്രവർത്തനം സുഗമമാക്കൽ

ശ്രീ. ലൂഡി ലൂയിസ്: കേരളത്തിലെ തുറമുഖങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് കബോട്ടാഷ് നിയമത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 16 ഇന്ത്യൻ കപ്പലുകളിൽ 13 എണ്ണത്തിന്റെ മൊത്തം കണ്ടെയ്നർ വാഹകശേഷി 12,156 ടി.യു മാത്രമാണ്. ഈ വർഷം 7.75 ലക്ഷം ടി.യു. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ ലക്ഷ്യമിടുന്ന വല്ലാർപാടം ടെർമിനലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും കേരളത്തിന്റെ വികസന സാധ്യതയ്ക്കും കബോട്ടാഷ് നിയമത്തിൽ ഇളവ് ആവശ്യമായതിനാൽ ഇക്കാര്യം ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാർക്ക് നേരിട്ട് നിവേദനം നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് വല്ലാർപാടം ഉൾപ്പടെയുള്ള തുറമുഖങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ വിധത്തിൽ നിയമത്തിൽ മാറ്റം വരുത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**(12) ദേശീയ പാത 17-ലെ വട്ടപ്പാറയിൽ അപകടങ്ങൾ തടയാൻ നടപടി**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: കോട്ടയ്ക്കൽ മണ്ഡലത്തിലെ ദേശീയ പാത 17-ലെ വട്ടപ്പാറയിൽ നിരന്തരം ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിന് സമഗ്രമായ പദ്ധതി കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ദേശീയ പാത 17-ൽ വട്ടപ്പാറ വളവിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പൊളിഞ്ഞുപോയ ക്രാഷ് ബാരിയർ പുനർ നിർമ്മിച്ചിട്ടുണ്ട്. വട്ടപ്പാറ റോഡിന്റെ വളവ് ഒഴിവാക്കി കഞ്ഞിപ്പുര മുതൽ മൂടാൽ വരെ ബൈപ്പാസ് റോഡ് വികസിപ്പിക്കുന്നതിന് തീരുമാനിക്കുകയും 22 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എത്രയുംപെട്ടെന്ന് ഭരണാനുമതി നൽകുന്നതുമാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരമെന്ന നിലയിൽ

വളവ് നിവർത്തുവാനാശ്യമായ 30 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി രണ്ടുകോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

## (13) ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : കൊടുവള്ളി നിയോജകമണ്ഡലത്തിൽ അടുത്ത അദ്ധ്യയന വർഷംതന്നെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സ്ഥലലഭ്യത, കെട്ടിട നിർമ്മാണം, സാമ്പത്തിക ബാദ്ധ്യത, ആരംഭിക്കേണ്ട കോഴ്സുകൾ, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ എന്നിവ സംബന്ധിച്ച ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞശേഷം കൊടുവള്ളി നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

## (14) വിദ്യാർത്ഥികൾക്ക് നേരെയുള്ള പോലീസ് മർദ്ദനം

ശ്രീ. ബാബു എം. പാലിശ്ശേരി : 11-10-2011-ൽ തൃശ്ശൂർ ജില്ലയിൽ ഡി.ഡി. ഓഫീസ് ഉപരോധിച്ച വിദ്യാർത്ഥികളെ നടുറോഡിലും ദൂരെയുള്ള പോലീസ് സ്റ്റേഷനിലുംവച്ച് തല്ലിച്ചതച്ച് പരിക്കേൽപ്പിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കോഴിക്കോട്ട് എസ്.എഫ്.ഐ. പ്രവർത്തകരെ പോലീസ് മർദ്ദിച്ചുവെന്നാരോപിച്ച് 11-10-2011-ൽ 150-ഓളം എസ്.എഫ്.ഐ. പ്രവർത്തകർ തൃശ്ശൂരിൽ നടത്തിയ ജാഥയിൽനിന്നും

എസ്.എഫ്.ഐ. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പോലീസ് വലയം ഭേദിച്ച് ഡി.ഇ.ഒ. ഓഫീസിൽ ഓടിക്കയറിയ വിദ്യാർത്ഥികൾ വടികളും മറ്റും ഉപയോഗിച്ച് ഡി.ഇ.ഒ. ഓഫീസിന്റെ ജനൽ ചില്ലുകൾ അടിച്ചു പൊട്ടിക്കുകയും ഓഫീസിൽ അതിക്രമിച്ച് കയറി കമ്പ്യൂട്ടറുകളും മറ്റ് ഓഫീസ് ഉപകരണങ്ങളും തകർക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് തൃശ്ശൂർ ഈസ്റ്റ് സി.ഐ.-യുടെ നേതൃത്വത്തിലുള്ള പോലീസ് അക്രമം കാണിച്ചവരെ ലാത്തിവീശി പിരിച്ചുവിടുകയും പതിനഞ്ചുപേരെ സംഭവ സ്ഥലത്തുനിന്നും കസ്റ്റഡിയിലെടുക്കുകയും ഇവർക്കെതിരെ വിവിധ വകുപ്പുകൾ പ്രകാരവും പി.ഡി.പി.പി. ആക്ട് അനുസരിച്ചും കേസ്സെടുക്കുകയും ചെയ്തു. വിദ്യാർത്ഥികൾ ചികിത്സ ആവശ്യപ്പെട്ടതിനാൽ എല്ലാവരേയും പോലീസ് കാവലിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപ ത്രിയിൽ പ്രവേശിപ്പിക്കുകയും മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി ഇവരെ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കസ്റ്റഡിയിൽ വച്ച് ദേഹോപദ്രവ മേൽപ്പിച്ചുവെന്ന പരാതിയിൻമേൽ എസ്.പി.യോട് റിപ്പോർട്ട് ആവശ്യപ്പെടു ന്നതാണ്.

## (15) <u>നിർമ്മൽ മാധവ് പ്രശ്നം</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : നിർമ്മൽ മാധവിന്റെ എഞ്ചിനീയ റിംഗ് കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിനുമു ന്നിൽ കുത്തിയിരുപ്പ് സമരം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥി കൾക്കുനേരെ വെടിവച്ച കോഴിക്കോട് സിറ്റി അസിസ്റ്റന്റ് കമ്മീഷണറെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : നിർമ്മൽ മാധവിന്റെ പ്രവേശനവുമായി ബന്ധപ്പെട്ട വിഷയം പഠിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റിയുടെ തീരുമാനം എന്തുതന്നെയായാലും അംഗീകരിക്കാമെന്ന് എല്ലാവരും സമ്മതിച്ചിട്ടുള്ളതുമാണ്. ഈ വിദ്യാർത്ഥിയെ അവിടെനിന്ന് മാറ്റി മറ്റൊരു കോളേജിലേക്ക് കൊണ്ടുപോകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് കോഴിക്കോട് ജില്ലാ കളക്ടർ സമര സമിതി അംഗങ്ങളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരണയുണ്ടാക്കുകയും വിദ്യാർത്ഥിയെയും രക്ഷകർത്താക്കളേയും വിളിക്കുകയും ചെയ്തിട്ടുണ്ട്. സമര സമിതിക്ക് സ്വീകാര്യവും വിദ്യാർത്ഥിക്ക് പഠിക്കാനുള്ള അവസരവും ഉണ്ടാകത്തക്ക വിധത്തിൽ ഇന്നുതന്നെ അതുസംബന്ധിച്ച് തീരുമാനമുണ്ടാക്കുന്നതാണ്. ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ കൂടി അംഗീകരിച്ചാണ് ഈ വിദ്യാർത്ഥിക്ക് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നൽകിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ വെടിവയ്പ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുന്നു. വെടിവയ്പ്പിനെ സംബന്ധിച്ച് അന്വേഷണം നടത്തി ഡി.ജി.പി. സമർപ്പിച്ച റിപ്പോർട്ട് പോലീസ് വിഭാഗത്തിലല്ലാത്ത ഒരു ഉന്നത ഉദ്യോഗസ്ഥൻ പരിശോധിക്കണം എന്ന നിഗമനത്തിലാണ് ഗവൺമെന്റ് എത്തിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിയോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ സമയബന്ധിതമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : നിർമ്മൽ മാധവിന് മറ്റൊരു കോളേജിൽ അഡ്മിഷൻ കൊടുക്കാം എന്ന ഗവൺമെന്റിന്റെ നിർദ്ദേശം സ്വീകാര്യമാണ്. അസിസ്റ്റന്റ് കമ്മീഷണർ രാധാകൃഷ്ണപിളളയുടെ പേരിൽ നടപടിയെടുക്കേണ്ടതാണെന്ന് ഡി.ജി.പി. റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇത് മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് വീണ്ടും അന്വേഷിപ്പിക്കുന്നത് ഈ ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനുവേണ്ടിയാണ്. ഇങ്ങനെയൊരന്വേഷണം പ്രതിപക്ഷത്തിന് സ്വീകാര്യമല്ല. ഇത് സംബന്ധിച്ച് ജുഡീഷ്യൽ ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകണം. ഇന്നുതന്നെ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത് അന്വേഷണത്തിന് ഉത്തരവിടണം. അന്വേഷണം നീട്ടിക്കൊണ്ടുപോകുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

## <u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## <u>റിപ്പോർട്ട് സമർപ്പണം</u>

(1) XIV, IV, VII എന്നീ സബ്ജക്ട് കമ്മിറ്റികളുടെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ധനകാര്യം

## 2011–12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം (295,79,41,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ (277,85,77,000 രൂപ)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും
(293,64,33,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.)

(സർവ്വശ്രീ കെ. അജിത്, ജെയിംസ് മാത്യു, എ.കെ. ബാലൻ, എം. ചന്ദ്രൻ, ബി.ഡി. ദേവസ്സി, പി.കെ. ഗുരുദാസൻ, എം. ഹംസ, കെ.കെ. നാരായണൻ, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, കെ. കുഞ്ഞിരാമൻ (ഉദുമ), പി. തിലോത്തമൻ, എ.എ. അസീസ്, സി.കെ. സദാശിവൻ, ആർ. രാജേഷ്, കെ. രാധാകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, ഇ.കെ. വിജയൻ, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, വി. ശശി, എ.കെ. ശശീന്ദ്രൻ, കെ.വി. അബ്ദുൾ ഖാദർ, വി. ചെന്താമരാക്ഷൻ, എളമരം കരീം, സി. കൃഷ്ണൻ, ആർ. സെൽവരാജ്, എസ്. ശർമ്മ, ശ്രീമതി കെ.എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. പി. കെ. ഗുരുദാസൻ :</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ബാലവേല നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണത്തിന് എല്ലാ വർഷവും നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തികസഹായമാണ് ഈ നൂറുദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കുന്നത്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കാനും സംസ്ഥാനത്ത് നില നിൽക്കുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് സംരക്ഷിക്കാനും തയ്യാറാകണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനനാളുകളിൽ കൊണ്ടുവന്ന പുതിയ ക്ഷേമപദ്ധതികളൊന്നും നൂറ് ദിന പരിപാടിയുടെ ഭാഗമായി പ്രഖ്യാ പിച്ചിട്ടില്ല. കേരള ട്രേഡ് യൂണിയൻ ബില്ലിനെക്കുറിച്ച് തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടില്ല. സ്കിൽ ഡെവലപ്പ്മെന്റിനുവേണ്ടി ഈ ഗവൺമെന്റ് എന്തു ചെയ്തുവെന്ന് വ്യക്തമാക്കണം. ഐ.ടി.ഐ.-കൾക്കുവേണ്ടി തുക ചെല വഴിക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിലസൂചികയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവോടുകൂടി തൊഴിലാളികളുടെ കൂലി

പ്രതിമാസം 10,000 രൂപയിൽ അധികരിക്കുക, കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടേതിന് തുല്യമായി കൂലി നൽകുക, രൂക്ഷമായ വില ക്കയറ്റം തടയുക, അഴിമതി അവസാനിപ്പിക്കുക തുടങ്ങിയവ നടപ്പിലാക്കാനും തൊഴിൽ നിയമം കർശനമായി പാലിക്കാനും തയ്യാറാകണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികനയം തിരുത്തുന്നതിന് ദേശീയതലത്തിൽ നടക്കാൻ പോകുന്ന സമരത്തിന് നിയമസഭ പിന്തുണ പ്രഖ്യാപിക്കണം. അംഗൻവാടി ജീവനക്കാരുടെ ശമ്പള വർദ്ധനവ് ഏപ്രിൽ മുതൽ നടപ്പിലാ ക്കാനും ആശാവർക്കേഴ്സിന് പ്രഖ്യാപിച്ച ഓണറേറിയം നൽകാനും നടപടി യുണ്ടാകണം. തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 200 തൊഴിൽ ദിനങ്ങൾ ഉറപ്പു വരുത്താനും മിനിമം കൂലി 200 രൂപയായി വർദ്ധിപ്പിക്കാനും ഇ.പി.എഫ്. പെൻഷൻ തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കാനും കോർപ്പറേഷന്റെ കീഴിൽ ഡെന്റൽ, നഴ്സിംഗ് കോളേജുകൾ ആരംഭി ക്കാനും കഴിയണം. ബി.പി.എൽ. മാനദണ്ഡം തിരുത്താൻ നടപടി സ്വീകരി ക്കണം. പ്ലാന്റേഷൻ വർക്കേഴ്സിന്റെ മിനിമം വേജസ് പുതുക്കി നിശ്ചയിക്കാനും കേരള കാഷ്യു ഫാക്ടറീസ് അക്വിസിഷൻ (അമെന്റ്മെന്റ്) ആക്ട് നടപ്പിലാക്കാനും മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാ ക്കാനും ആർ.എസ്.ബി.വൈ. പദ്ധതി സംരക്ഷിക്കാനും നടപടിയുണ്ടാകണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിനുതന്നെ അവസരം ലഭിച്ചുവെന്നത് തികച്ചും അഭിമാനകരമാണ്. കൃഷിക്ക് അനുയോ

ജ്യമല്ലാത്ത സ്ഥലം മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. വിശാല കൊച്ചിക്കായി ഒരു മാസ്റ്റർ പ്ലാൻ അടിയന്തിരമായി ഉണ്ടാക്കണം. നഗര-പഞ്ചായത്തുപ്രദേശങ്ങൾക്കനുസൃത മായ പദ്ധതികൾ വിഭാവനം ചെയ്യണം. ബിൽഡിംഗ് റൂൾസിൽ കാലോചിത മായ പരിഷ്ക്കാരങ്ങൾ വരുത്തുകയും എഫക്ടീവായി നടപ്പിലാക്കുകയും വേണം. പുതിയ കാഴ്ചപ്പാടോടുകൂടിയ നഗരസംവിധാനത്തെക്കുറിച്ച് ആലോ ചിക്കണം. നഗരസഭകളുടേയും പഞ്ചായത്തുകളുടേയും ക്ലസ്റ്ററുകളുണ്ടാക്കി ക്കൊണ്ട് ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ആധുനിക സംവിധാനം കൊച്ചിയിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചി ക്കണം. റോഡ് നിർമ്മാണമുൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടത്തു ന്നതിനായി ലോണെടുക്കുന്നതിനുള്ള അവകാശം നഗരസഭകൾക്ക് കൊടു ക്കുകയും ട്രാൻസ്ഫർ ഓഫ് ഡവലപ്മെന്റ് റൈറ്റ്സ്-ന് അംഗീകാരം നൽകുകയും വേണം. ജി.സി.ഡി.എ., ജി.ഐ.ഡി.എ. എന്നീ വികസന ഏജൻസികൾ റിവൈവ് ചെയ്തുകൊണ്ട് കൊച്ചിയുടെ സമഗ്ര വികസത്തിന് തുടക്കം കുറിക്കണം. രാജീവ് ആവാസ് യോജനയിൽപ്പെടുത്തി കൊച്ചി ചേരി നിർമ്മാർജ്ജനം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി പ്രദേശങ്ങൾക്കുവേണ്ടിയുള്ള യുനെസ്കോയുടെ ഹെറി റ്റേജ് പ്രോഗ്രാമിന് സംസ്ഥാന വിഹിതം നൽകാനും 2012-ൽ നടക്കുന്ന ഇന്റർനാഷണൽ കണ്ടംപററി വിഷ്വൽ ആർട്സ് ഫെസ്റ്റിവലിന്റെ നടത്തിപ്പിന് സാമ്പത്തിക സഹായം നൽകാനും നടപടിയുണ്ടാകണം. കെൽട്രോൺ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം. കൊച്ചിയിലെ തോപ്പുംപടി

ഫിഷിംഗ് ഹാർബറിൽ നിലനിൽക്കുന്ന തൊഴിൽത്തർക്കം പരിഹരിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. കെ. രാജു:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അന്യസംസ്ഥാനങ്ങളിൽനിന്ന് കമ്മീഷൻ വ്യവസ്ഥയിൽ കേരളത്തിൽ കൊണ്ടുവന്ന് പണിയെടുപ്പിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ ചൂഷണംചെയ്യുന്ന നടപടി അവസാനിപ്പിക്കുകയും അവരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും വേണം. കാലഹരണപ്പെട്ട തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യണം. 2010-ൽ ഭേദഗതി വരുത്തിയ പ്ലാന്റേഷൻ ആക്ടിന് റൂൾസ് കൊണ്ടുവരണം. തോട്ടം തൊഴിലാളികൾക്ക് ന്യായമായ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുകയും അതിന് കഴിയുന്നില്ലെങ്കിൽ ഇടക്കലാശ്വാസമെങ്കിലും പ്രഖ്യാപിക്കുകയും ചെയ്യണം. കൊല്ലത്തെ കശുവണ്ടി തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാധ്യതകൾ ഉൽപ്പാദനമേഖലയിൽ ഉപയോഗിക്കണം. ഭൂമിയുടെ യഥാർത്ഥവില ഇക്വിറ്റിയായി കണക്കാക്കി ഭൂഉടമകളെക്കൂടി പങ്കാളികളാക്കി വ്യവസായം ആരംഭിക്കാൻ പദ്ധതികൾ രൂപപ്പെടുത്തുകയും. അതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് സർക്കാർ ഏജൻസികളെ ഉപയോഗപ്പെടുത്തുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അവരുടെ പങ്കാളിത്തത്തോടുകൂടി വ്യവസായമാരംഭിക്കാൻ നടപടി സ്വീകരിക്കണം. മാലിന്യമുക്ത കേരളത്തിന് എം.എൽ.എ.-മാർക്ക് നേതൃത്വപരമായ പങ്ക് കൊടുത്തതുപോലെ ഇക്കാര്യത്തിലും അവർക്ക് അവസരം കൊടുക്കണം. ഹൈസ്പീഡ്

റെയിൽവേ പാതയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുകയും തിരുവനന്തപുരം മുതൽ കൊച്ചി വരെയെങ്കിലും ഇത് യാഥാർത്ഥ്യമാക്കുകയും ചെയ്യണം. വ്യവസായ മേഖലയിൽ വൈവിദ്ധ്യവൽക്കരണവും കാര്യക്ഷമതയും ഉറപ്പു വരുത്തണം. ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദന രംഗത്ത് ഏഴാമത്തെ രാജ്യ മായി ഇൻഡ്യയെ ഉയർത്താൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ടെക്സ്റ്റൈൽ മേഖല ശക്തിപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഐ.ടി. മേഖലയിലെ അനന്തസാധ്യതകൾ കണക്കിലെടുത്ത് അത് പ്രാവർത്തികമാ ക്കാനുള്ള നടപടി സ്വീകരിക്കണം. ജൈവവൈവിദ്ധ്യ ബോർഡിന്റെ അനുമതി യില്ലാതെ ആലപ്പുഴ ഐ.ടി പാർക്കിന്റെ നിർമ്മാണമാരംഭിച്ചതുമൂലം കോടിക്ക ണക്കിന് രൂപ നഷ്ടമായതിനെക്കുറിച്ച് അന്വേഷിക്കണം. ഐ.ടി രംഗത്ത് നിക്ഷേപകർ കടന്നുവരാനുള്ള അവസരമുണ്ടാക്കണം. ഈ മേഖലയിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ നടന്ന അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണം. എഡ്യുക്കേഷൻ ഹബ്ബായി മലപ്പുറം മാറുന്നത് സ്വാഗതാർഹമാണ്. വ്യവസായ രംഗത്ത് പുതിയ സാധ്യതകൾ കണ്ടെത്താൻ ശ്രമം നടത്തണം. നാനോ ടെക്നോളജിക്കുവേണ്ടി ഒരു സെന്റർ സ്ഥാപി ക്കാൻ 50 ഏക്കർ സ്ഥലം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ലേബർ ഹെൽപ്ലൈൻ കൊണ്ടുവരാൻ കഴി ഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ജോബ് ഫെയർ വഴി നിരവധി യുവതീ യുവാക്കൾക്ക് തൊഴിൽ നൽകാൻ സാധിച്ചു. അന്യസംസ്ഥാന തൊഴിലാളി കൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. മാലിന്യമുക്ത കേരളത്തിന് വേണ്ടിയുള്ള പരിശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. കേരളത്തിന്റെ പൈതൃകവും സംസ്ക്കാരവും നിലനിറുത്തിക്കൊണ്ട് നഗര

ങ്ങൾക്കുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ആദിവാസികൾക്കും തൊഴിൽ ലഭ്യമാക്കണം. കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലാളികൾക്ക് ന്യായമായ കൂലി നൽകാനും നൂലും ചായവും വാങ്ങാൻ സഹായം നൽകാനും അഞ്ചു ദിവസമെങ്കിലും റിബേറ്റ് നൽകാനും വ്യവസായത്തിന് ആവശ്യമായ ഫണ്ട് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. മാലിന്യസംസ്ക്കരണത്തിനാവശ്യമായ അടിയന്തര സഹായം എല്ലാ മുനിസിപ്പാലിറ്റികൾക്കും നൽകാൻ സർക്കാർ തയ്യാറാകണം. മുനിസിപ്പാലിറ്റിയിൽ ഡ്രെയിനേജ് സൗകര്യങ്ങളോടുകൂടിയ റോഡുകൾ നിർമ്മിക്കാനും മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജിം, എമർജിംഗ് കേരള എന്നീ പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ നഗരങ്ങളിലും പഞ്ചായത്തുകളിലുമുള്ള മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അഭിനന്ദനാർഹമാണ്. എം.എൽ.എ. ചെയർമാനായി എല്ലാ നിയോജകമണ്ഡലങ്ങളിലും രൂപീകരിക്കുന്ന കമ്മിറ്റികളുടെ നേതൃത്വത്തിൽ മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കാൻ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കണം. മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കണം. കേന്ദ്ര സർക്കാർ

നഗരവികസനത്തിന് അനുവദിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാൻ മുനിസിപ്പാലിറ്റികൾക്ക് കഴിയാത്ത സാഹചര്യത്തിന് പരിഹാരം കാണണം. പ്രോജക്ടുകൾ തയ്യാറാക്കാനും കേന്ദ്ര സർക്കാരിന് പ്രൊപ്പോസലുകൾ സമർപ്പിക്കാനുംവേണ്ട പരിശീലനം പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് നൽകി പദ്ധതി സമയബന്ധിതമായി ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യണം. അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിലെ പാളിച്ചകൾ പരിഹരിക്കണം. മേജർ വർക്കുകൾ നടപ്പിലാക്കുന്നതിന് മുനിസിപ്പാലിറ്റികൾക്ക് ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാൻ ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തണം. പദ്ധതികൾക്കുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ലഘൂകരിക്കുകയും അവ സമയബന്ധിതമായി പൂർത്തീ കരിക്കുകയും ചെയ്യണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിക്കുകയും അവ കൃത്യമായി വിതരണം ചെയ്യുകയും ചെയ്തു. 21 വ്യവസായങ്ങളിൽ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചു. ഒ.ഡി.ഇ.പി.സി.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സമഗ്ര ആരോഗ്യ ഇൻഷ്വ റൻസ് പദ്ധതിയിൽ കരളിനേയും തലച്ചോറിനേയും ബാധിക്കുന്ന അസു ഖങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ പ്രയോജനം രോഗികൾക്ക് ലഭ്യമാക്കണം.

<u>ശ്രീ. എ.എ. അസീസ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊല്ലം കോർപ്പറേഷനിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തി

ക്കുന്ന വാടകക്കമ്പനികൾ സ്വന്തമാക്കാൻ നടപടി സ്വീകരിക്കണം. ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് തൊഴിലാളികളും എം.എൽ.എ.-മാരും ചേർന്നുണ്ടാക്കിയ പാക്കേജ് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണം. നൂറുദിന കർമ്മപരിപാടിയിൽ തൊഴിൽ മേഖലയ്ക്ക് കാര്യമായ പരിഗണന നൽകിയിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന പദ്ധതികളാണ് നൂറുദിന കർമ്മപരിപാടിയിലൂടെ യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ലേബർ ഡിപ്പാർട്ടുമെന്റ് പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമാക്കണം. 74 വ്യവസായങ്ങളിൽ കഴിഞ്ഞ ഗവണ്മെന്റ് പുതുക്കി നിശ്ചയിച്ച മിനിമം വേജസ് എൻഫോഴ്സ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. കെ. ദാസൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിനെ നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നിങ്ങനെ മൂന്ന് മന്ത്രിമാർക്കായി വിഭജിച്ചതിന്റെ ഫലമായി ഏകോപനത്തോടെ പ്രവർത്തിക്കേണ്ട വകുപ്പിന്റെ പ്രവർത്തനങ്ങളും പദ്ധതികളും ഫലപ്രദമാകുന്നില്ല. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി കേരളം ആവഷ്ക്കരിച്ച നടപടികൾ കേന്ദ്ര ഗവണ്മെന്റ് മാതൃകയായി സ്വീകരിച്ചുവെന്നത് പ്രശംസനീയമാണ്. തൊഴിലുറപ്പ് പദ്ധതിയും ദേശീയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിൽ ഇന്റർനെറ്റ് സഹായത്തോടെ ആരംഭിച്ച ടാക്സ് മാപ്പിംഗ് പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. കൊച്ചിയിലെ മാലിന്യസംസ്ക്കരണം ഫലപ്രദമാക്കാൻ നടപടി

സ്വീകരിക്കണം. തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ആവിഷ്ക്കരിച്ച റിംഗ് റോഡ് സംവിധാനം നടപ്പാക്കാൻ കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കണം. സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണം. നഗരപ്രദേശങ്ങളിലെ മാലിന്യസംസ്ക്കരണം വിജയപ്രദമാകണമെങ്കിൽ എ.പി.എൽ.-ബി.പി.എൽ. വ്യത്യാസമില്ലാതെ സബ്സിഡി കൊടുക്കേണ്ടിവരും. സിറ്റി ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന് പഞ്ചായത്തിന്റെ സേവനം കൂടി ലഭ്യമാക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവച്ചിട്ടുള്ള പ്ലാൻ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് നടപടിയുണ്ടാകണം. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം, ആശാ പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയം, കുടുംബശ്രീ ഗ്രാന്റ്, പിറന്നുവീഴുന്ന കുഞ്ഞിന് പതിനായിരം രൂപ, സ്ഥിരം നിക്ഷേപം തുടങ്ങി എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ ക്ഷേമപദ്ധതികളെല്ലാം ഇല്ലാതാക്കിയിരിക്കുകയാണ്. ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലംമാറ്റുകയും ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് പുന:സ്ഥാപിക്കുകയും ചെയ്ത സർക്കാരാണിത്.

ശ്രീ. മഞ്ഞളാംകുഴി അലി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഐ.ടി.ഇൻഡസ്ട്രി വളർച്ചയുടെ പാതയിലാണെങ്കിലും കേരളത്തിന്റെ എക്സ്പോർട്ട് ഷെയർ ഒരു ശതമാനം മാത്രമാണ്. മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തിനും ഐ.റ്റി.രംഗത്ത് മുന്നേറ്റമുണ്ടാക്കണമെങ്കിൽ നല്ല ഐ.ടി.കമ്പനികളെ ഇവിടേക്ക് ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്ലസ് ടൂവും ഡിഗ്രിയും കഴിഞ്ഞ ജോലിയില്ലാത്ത ചെറുപ്പക്കാർക്ക്

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ പ്രത്യേക പരിശീലനം നൽകി ഐ.ടി.മേഖല യിലെ കാൾ സെന്ററിലും സപ്പോർട്ട് സെന്ററിലും ബാക്ക് ഓഫീസ് ഓപ്പറേഷ നിലുമൊക്കെ ലഭിക്കാവുന്ന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. പ്രവാസികൾക്ക് വിവിധതരം കാർഡുകൾക്കുപകരം പ്രവാസി ക്ഷേമനിധി കാർഡ് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അപകടത്തിൽ മരണപ്പെടുന്ന പ്രവാസി മലയാളികൾക്ക് ഒരുലക്ഷം രൂപ ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം. നോർക്ക റൂട്ട്സിന്റെ വരുമാനത്തിന്റെ 15 ശതമാനവും സാന്ത്വനം പദ്ധതിക്കായി ചെലഴിക്കണം. അന്യ സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഏർപ്പെടുത്തിയ ക്ഷേമനിധിയിൽ നാല് മാസത്തി നിടയിൽ പതിനാലായിരത്തോളം ആളുകളെ ചേർക്കാൻ കഴിഞ്ഞത് പ്രശംസ നീയമാണ്.

<u>ശ്രീ. സി. കൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് നൽകിയിരുന്ന വിൽപ്പന റിബേറ്റ് പൂർണ്ണമായും നിറുത്ത ലാക്കിയതോടെ കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. കടബാധ്യതകൊണ്ട് ബുദ്ധിമുട്ടുന്ന സംഘങ്ങളെ സഹായിക്കുന്ന തിനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറാക്കി സമർപ്പിച്ചിരുന്ന പാക്കേജ് നിരാകരിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരി ക്കുന്നത്. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനും പ്രാഥമിക സംഘങ്ങ ളുടെ കടബാധ്യത തീർക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്ന തിനും നടപടികൾ സ്വീകരിക്കണം. ദിനേശ് ബീഡി കമ്പനിയിലെ തൊഴിലാ ളികളെ നിലനിറുത്തുന്നതിനും അവർക്ക് ആശ്വാസ പെൻഷൻ പദ്ധതി

തുടർന്ന് നടപ്പിലാക്കുന്നതിനും ഫണ്ട് അനുവദിക്കണം. ചുമട്ടുതൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും അസംഘടിത മേഖലയിലും പരമ്പരാഗത മേഖലയിലുമുള്ള തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് ഇൻകം സപ്പോർട്ട് സ്കീമിൽ വകയിരുത്തിയിരുന്ന 80 കോടി രൂപ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനുള്ള പദ്ധതികൾക്കായി വിനിയോഗിക്കണം. തൊഴിൽ സമരങ്ങളോടുള്ള സർക്കാരിന്റെ സമീപനം തികച്ചും ജനവിരുദ്ധമാണ്

<u>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഗരവാസികളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തിക്കൊണ്ട് നഗരവികസനം സാധ്യമാക്കണം. നഗര പ്രദേശങ്ങളിലെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം. സംസ്ഥാനത്തെ തദ്ദേശഭരണ സംവിധാനത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ലോക ബാങ്ക് സംസ്ഥാനത്തിന് അനുവദിച്ച വായ്പ പൂർണ്ണമായും ഉപയോഗിക്കണം. നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സർക്കാരിന്റെ ഇടപെടലുണ്ടാകണം. സംസ്ഥാന സർക്കാരിന്റെ ഏതൊരു സേവനത്തിന്റെയും അർഹതയ്ക്കായി നഗരസഭകളിൽ കരം അടച്ച രേഖ നിർബന്ധമാക്കണം. റോഡ് വികസനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന മേഖലകളിൽ കൂടുതൽ മുതൽമുടക്കാൻ നഗരസഭകൾക്ക് കഴിയണം. കുടിവെള്ളമെത്തിക്കുന്ന പദ്ധതികൾക്ക് നിയമപ്രകാരം നഗരസഭ 20 ശതമാനം ഓഹരിപങ്കാളിത്തം നൽകാൻ വിമുഖത കാട്ടുന്ന സാഹചര്യ

ത്തിൽ സർക്കാർ ആവശ്യമായ സഹായം ലഭ്യമാക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് 52 ലക്ഷം രൂപ പ്രത്യേക ധനസഹായം അനുവദിക്കുന്നത് സ്വാഗതാർഹമാണ്. സംസ്ഥാനത്ത് കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും കാസർഗോഡ് ജില്ലയിൽ ഉണ്ടായിരുന്ന അസ്റ്റ്റാൽ വാച്ച് കമ്പനിക്ക് പകരമായി പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. തൊഴിൽ വകുപ്പിൽ നടത്തിക്കൊണ്ടിരിക്കുന്ന ആശാവഹമായ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

ശ്രീ. എ. പ്രദീപ് കുമാർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായം, തൊഴിൽ, നഗരവികസനം എന്നീ മേഖലകളിൽ ജനക്ഷേമകരമായ ഒരു പ്രവർത്തനവും നടത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ സമഗ്ര വികസനത്തിനായി ഐ.ടി., ടൂറിസം, വ്യവസായം മുതലായ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകണം. കേരളത്തെ ഐ.ടി. ഡെസ്റ്റിനേഷനാക്കി വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും ആദ്യമായി ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിലേക്ക് സഹകരണ പ്രസ്ഥാനത്തെ കൊണ്ടുവരാനും കഴിഞ്ഞ സർക്കാരിന് സാധിച്ചു. കോഴിക്കോട് സൈബർ പാർക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കാൻ തയ്യാറാകണം. ഇൻഫോസിസ് അടക്കം ഒട്ടേറെ മേജർ ഐ.ടി. കമ്പനികളെ കേരളത്തിൽ കൊണ്ടുവരാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. ക്രിമിനലുകളെയും കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാട് സർക്കാർ അവസാനിപ്പിക്കണം.

ശ്രീ. വർക്കല കഹാർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഗരാസൂത്രണ വകുപ്പ് രൂപം നൽകിയ 'മാലിന്യമുക്ത കേരളം' പദ്ധതി വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതാണ്. നഗരവികസനത്തിനുള്ള പുതിയ മാസ്റ്റർ പ്ലാൻ സ്വാഗതാർഹമാണ്. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള അതിവേഗം ബഹുദൂരം - വികസനവും കരുതലും എന്ന ലക്ഷ്യം അക്ഷരാർത്ഥത്തിൽ കേരളസമൂഹം അംഗീകരിച്ചിരിക്കുകയാണ്. പല വികസന പ്രവർത്തനങ്ങളും നടപ്പിലാക്കാനും ചിലതിന് തുടക്കമിടാനും 100 ദിവസം കൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി ഈ ഗവൺമെന്റ് യാഥാർത്ഥ്യമാക്കാൻ പോകുകയാണ്. ഈ സർക്കാർ വന്നതിനുശേഷം തൊഴിൽ മേഖലയിൽ സമരങ്ങൾ ഇല്ലാതാക്കുകയും കശുവണ്ടി തൊഴിലാളികളുടെ ബോണസ് 1,200 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ക്ഷേമപെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുമെന്ന എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കിയത് ഈ ഗവൺമെന്റാണ്. കേരളത്തിലെ വ്യാവസായിക മേഖലകളിൽ ഫെയർ വേജസ് പ്രഖ്യാപിക്കാൻ കഴിയത്തക്കവിധം ഒരു നിയമനിർമ്മാണം കൊണ്ടുവരണം. നിർമ്മാണ രംഗത്ത് വൈദഗ്ദ്ധ്യവും പ്രാവീണ്യവുമുള്ള തൊഴിലാളികളെ വാർത്തെടുക്കുന്നതിനായി മികവിന്റെ അക്കാദമി ആരംഭിക്കാനുള്ള തീരുമാനത്തെ അംഗീകരിക്കുന്നു. മിന്നൽ പണിമുടക്കുകളും സമരങ്ങളും നടത്തി വികസനത്തെ പുറകോട്ടുകൊണ്ടുപോകുന്ന പ്രവണതകൾ തടയുന്നതിനായി ക്രിയാത്മക നടപടികൾക്ക് രൂപം നൽകുന്നുവെന്നത് ശ്രദ്ധേയമാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ഈ മേഖലയിൽ സമ്പൂർണ്ണ സമാധാനം കൈവരിക്കാനും ഉതകുന്നവിധം തൊഴിൽ നയം

രൂപീകരിക്കാനുള്ള നടപടി ശ്ലാഘനീയമാണ്. ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ ബോർഡിന്റെ കീഴിൽ കൊണ്ടുവന്ന് ഈ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ജനാധിപത്യവിരുദ്ധ അക്രമ സമരമാർഗ്ഗങ്ങളിൽനിന്ന് പിന്മാറാൻ പ്രതിപക്ഷ സംഘടനകൾ തയ്യാറാകണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടികളിൽ ഒന്നുംതന്നെ പൂർണ്ണമായി പ്രാവർത്തികമാക്കിയിട്ടില്ല. നൂറുദിവസംകൊണ്ട് സംസ്ഥാന ജനതയുടെ മേൽ അടിച്ചേൽപ്പിച്ചത് പവർകട്ടും ബസ് ചാർജ് വർദ്ധനയും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവുമാണ്. കർഷകത്തൊഴിലാളി പെൻഷൻ ഓണക്കാലത്തുപോലും നൽകാൻ സാധിച്ചിട്ടില്ല. ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ യുവതീയുവാക്കളെ സജ്ജരാക്കുന്നതിന് വ്യവസായ-വാണിജ്യ വകുപ്പിനാവശ്യമായ തുക അനുവദിക്കണം. ധനകാര്യ വകുപ്പ് കെ.എഫ്.സി.യെ നോഡൽ ഏജൻസിയാക്കി കേരള സംസ്ഥാന സ്വയം സംരംഭക മിഷൻ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത് വ്യവസായ വകുപ്പ് ഗൗരവമായി കാണണം. മലപ്പുറത്തേയും നെയ്യാറ്റിൻകരയിലേയും പവർലൂം യൂണിറ്റുകൾക്ക് ആവശ്യമായ തുക അനുവദിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിന്റെ വികസനം മുരടിപ്പിച്ച് വ്യവസായ മേഖലയെ തകർത്ത പശ്ചാത്തലത്തിൽ നിന്നാണ് ഈ ഗവൺമെന്റ് പുതിയ വ്യവസായ നയത്തിന് തുടക്കം കുറിക്കാൻ പോകുന്നത്. നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നവിധം ഭൗതിക

സാഹചര്യമൊരുക്കാൻ സാധിക്കണം. ജനസംഖ്യയും ഭൂപ്രകൃതിയും മനുഷ്യവിഭവശേഷിയും കണക്കിലെടുത്തുവേണം വ്യവസായ നയം രൂപീകരിക്കേണ്ടത്. കാലഘട്ടത്തിനനുയോജ്യമല്ലാത്ത വ്യവസായങ്ങൾ ആരംഭിച്ചതാണ് ഇന്നത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമെന്ന വസ്തുത നിഷേധിക്കാനാവില്ല. കേരളത്തിൽ ഇലക്ട്രിസിറ്റി ബേസ്ഡ് വ്യവസായങ്ങൾ കൊണ്ടുവരാൻ ഇന്ന് കഴിയാത്ത സാഹചര്യത്തിൽ കേരളത്തിനനുയോജ്യമായ പുതിയ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടത്. 1500 കോടി രൂപ മുതൽമുടക്കിൽ പൂവാറിൽ ഒരു ഷിപ്പ് റിപ്പെയറിംഗ് യൂണിറ്റ് ആരംഭിക്കാനെടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ് കൂടി തുടങ്ങാൻ നടപടി സ്വീകരിക്കണം. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വ്യവസായങ്ങൾ കൊണ്ടുവന്ന് പരമ്പരാഗത മേഖലയെ സംരക്ഷിക്കണം. ടെക്സ്റ്റൈൽസ് മേഖലയ്ക്ക് പ്രാധാന്യം നൽകണം. അധികാരമേറ്റ് 100 ദിവസത്തിനുള്ളിൽ കോച്ച് ഫാക്ടറി ആരംഭിക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. കേരളത്തിൽ താരതമ്യേന ഐ.ടി. എക്സ്പോർട്ട് കുറയാനുള്ള കാരണത്തെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞത്. കൊച്ചി മോഡൽ ഫിനിഷിംഗ് സ്കൂളിൽ നടന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. ഒരു വ്യവസായ നയം രൂപീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു.

ശ്രീ. എളമരം കരീം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായ വികസന കാര്യത്തിൽ ഒരു സമവായവും യോജിച്ച നിലപാടും ആവശ്യമാണ്.

കേരളത്തിലെ വ്യവസായ വളർച്ചയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നൽകിയിട്ടുള്ള സംഭാവനകൾ വിസ്മരിക്കാൻ പാടില്ല. കഴിഞ്ഞ എൽ.ഡിഎഫ് ഗവൺമെന്റ് നടപ്പിലാക്കിയ റിവൈവൽ നയത്തിന്റെയും ഭൂമികൈമാറ്റത്തിന്റെയും ഫലമായി നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിഞ്ഞു എന്ന വസ്തുത നിഷേധിക്കാനാവില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കമ്പനികൾ പുനരുദ്ധരിക്കാൻ ശ്രമിച്ചതല്ലാതെ ഒരിഞ്ചുഭൂമി പോലും വിറ്റിട്ടില്ല. വ്യവസായ മേഖലയിൽ ഈ സർക്കാരിന്റെ നേട്ടമായി എടുത്തുപറയുന്ന മുഴുവൻ പദ്ധതികളും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിയവയാണ്. കഴിഞ്ഞ 35 വർഷത്തിനുള്ളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളൊന്നും സംസ്ഥാനത്ത് പുതുതായി വന്നിട്ടില്ല. പ്രതിരോധ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതും ഇൻഡ്യയിലെ പ്രമുഖ ശാസ്ത്രജ്ഞർ നേതൃത്വം നൽകുന്നതുമായ ബ്രഹ്മോസ് കമ്പനിയെക്കുറിച്ച് സജീവമായി ചർച്ച ചെയ്യണം. ഏത് മോഡലിലാണ് കോച്ച് ഫാക്ടറി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാതെ ഫാക്ടറിക്ക് തറക്കല്ലിടാൻ പോകുന്നത് ശരിയല്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ ഭൂമി സൗജന്യമായി നൽകുന്ന കാര്യം ഗൗരവമായി ആലോചിക്കണം. 430.59 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 01-02-2010-ൽ മുൻസർക്കാർ തീരുമാനിക്കുകയും 429.27 ഏക്കർ ഭൂമി ഏറ്റെടുക്കുകയും അത് റെയിൽവേക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ജോയിന്റ് വെഞ്ച്വർ വ്യവസ്ഥയിലാണെങ്കിൽ പ്രസ്തുത ഭൂമിയുടെ വില സംസ്ഥാന സർക്കാരിന്റെ ഷെയറാക്കണമെന്നും അല്ലെങ്കിൽ പാട്ടത്തിന് നൽകാമെന്നുമാണ് എൽ.ഡി.എഫ്. സർക്കാർ

പറഞ്ഞത്. റെയിൽവേ ഇക്കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. സ്മാർട്ട് സിറ്റിയുടെ കാര്യത്തിൽ സംഭവിച്ചത് കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ സംഭവിക്കാൻ പാടില്ല. കേരള സർക്കാരിന് മൈനോറിറ്റി ഷെയറും ടീകോമിന് മെജോറിറ്റി ഷെയറുമുള്ള സ്മാർട്ട് സിറ്റിയിൽ ആ കമ്പനിക്ക് പ്രവർത്തിക്കാനുള്ള അന്തരീക്ഷമുണ്ടാക്കണം. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റിയുണ്ടാക്കിയും പദ്ധതികൾക്ക് അതിവേഗം അനുമതി കൊടുക്കാൻ സാധിക്കണം. പുതുതായി വരുന്ന ഐ.ടി. കമ്പനികൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് വൈദ്യുത പദ്ധതികൾ ആവിഷ്ക്കരിക്കണം. കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും എല്ലാവിധ സഹകരണവുമുണ്ടാകും. ഈ സർക്കാരിന് 100 ദിവസംകൊണ്ട് വ്യവസായ വകുപ്പിൽ കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. എമർജിംഗ് കേരള പദ്ധതി നടപ്പിലാക്കണം. കമ്പനികളിലെ സി.ഇ.ഒ.മാരുടെ നിയമനം സുതാര്യമാക്കുമെന്ന സർക്കാർ വാഗ്ദാനം പാലിക്കണം. കെ.എം.എം.എൽ.-ന്റെ പദ്ധതികളുമായി ബന്ധപ്പെട്ട ആർബിട്രേഷൻ കേസ്സുകൾ ഗൗരവമായി കാണണം. കാറ്ററിംഗ് തൊഴിലാളികൾക്ക്_റെയിൽവേ പ്ലാറ്റ്ഫോമിൽ സാധനങ്ങൾ വിൽക്കാനുള്ള അനുവാദം നൽകണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കയർമേഖലയിലെ രജിസ്റ്റർ ചെയ്ത 835 സഹകരണ സംഘങ്ങളിൽ 374 പ്രാഥമിക സംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ പ്രതിവർഷം 600 കോടി നാളികേരം ഉൽപാദിപ്പിക്കുന്നുണ്ടെങ്കിലും തൊണ്ട് സംഭരിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ചകിരി

കൊണ്ടുവരുന്നത്. കുടുംബശ്രീ പ്രവർത്തകരേയും സ്വയംസഹായ സംഘത്തിലെ അംഗങ്ങളേയും സംഘടിപ്പിച്ച് കയർ മേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ തൊണ്ടുസംഭരിക്കുന്ന നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടുപോകുന്നതാണ്. തൊണ്ടുസംഭരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവണ്മെന്റിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കയർമേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാനവേതനം 255 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞതിനുപുറമെ കയർപിരി മേഖലയിലെ തൊഴിലാളികളുടെ വേതനം 210 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. 2012 ഫെബ്രുവരിയിൽ 'കയർ കേരള' എന്ന ഇന്റർനാഷണൽ എക്സിബിഷൻ നടത്താൻ തീരുമാനച്ചിരിക്കുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് കയർഗ്രാമം പദ്ധതിക്ക് രൂപം കൊടുക്കുന്നതാണ്. ഫോം മാറ്റിംഗ്സിന്റെ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ പ്രവർത്തനം 2011 ഡിസംബറോടുകൂടി ആരംഭിക്കുന്നതാണ്. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സംഗ്രയാൻ യൂണിറ്റും പവർലൂം വിംഗും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കയർ ഫെഡിന്റെ നേതൃത്വത്തിൽ പി.വി.സി. കെപ്റ്റഡ് ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാത്തരം മെഷീനുകളും നിർമ്മിക്കുന്ന കയർ മെഷീൻ ഫാക്ടറി ഈ വർഷം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളി പെൻഷൻ 01-04-2011 മുതൽ 400 രൂപയാക്കി വർദ്ധിപ്പിച്ച് 5 മാസത്തെ കുടിശ്ശിക സഹിതം ഓണക്കാലത്ത് നൽകാൻ കഴിഞ്ഞു. കയർമേഖലയെ കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ. സി. ജോസഫ്) : 25 ലക്ഷത്തോളം വരുന്ന വിദേശ മലയാളികളാണ് സംസ്ഥാന സമ്പത്തിന്റെ അടിത്തറ. കഴിഞ്ഞ അഞ്ച് വർഷം മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുപോലും നോർക്കയ്ക്ക് ഒരു പ്രത്യേക ഹെഡ്സ് ഓഫ് അക്കൗണ്ട് കൊണ്ടുവരാൻ കഴിഞ്ഞില്ല. മലയാളികൾ അധികമായി ജോലി ചെയ്യുന്ന യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങൾ അവരുടെ കോൺസുലേറ്റ് കേരളത്തിൽ ആരംഭിക്കാൻ സമ്മതം അറിയിച്ചിട്ടുണ്ട്. തൊഴിലന്വേഷിച്ച് വിദേശത്ത് പോകുന്നവർക്ക് 20 സ്ഥാപനങ്ങളിലായി 29 കോഴ്സുകൾക്ക് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം നോർക്ക റൂട്ട്സ് ആരംഭിച്ച ജോബ് ഓർക്കൂട്ട്, തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഒഡേപക് എന്നിവ വഴി വിദേശ രാജ്യങ്ങളിൽ സാധ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തി ഉദ്യോഗാർത്ഥികളെ സഹായിക്കുകയും ചെയ്യുന്നു. സാന്ത്വനം പദ്ധതിയിലൂടെ വിദേശ മലയാളികളുടെ ക്ഷേമകാര്യത്തിനും പ്രവാസികളുടെ ചികിൽസാസൗകര്യങ്ങൾക്കും മരണാനന്തര കർമ്മങ്ങൾക്കും സഹായം ചെയ്യുന്നുണ്ട്. നോർക്കയുടെ പുതിയ ഓഫീസും വിദേശ മലയാളികൾക്കുവേണ്ടി ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററും ആരംഭിച്ചുകഴിഞ്ഞു. പ്രവാസി ക്ഷേമനിധിയിൽ 75,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഞ്ച് കൊല്ലം അംശദായം അടയ്ക്കുന്ന 60 വയസ്സ് പൂർത്തിയായ പ്രവാസികൾക്ക് പ്രതിമാസം ആയിരം രൂപ വീതം നൽകുന്നതാണ്. ഡൽഹിയിലും മുംബൈയിലും പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് പുറമെ ചെന്നൈയിലും ബറോഡയിലും നോർക്ക റൂട്ട്സിന്റെ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ച് പ്രവാസി മലയാളികളുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന്

നടപടി സ്വീകരിക്കുന്നുണ്ട്. പ്രവാസികളുടെ നിക്ഷേപങ്ങൾ കേരളത്തിന്റെ വ്യവസായ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി വിദേശ മലയാളികളുടെ കോൺഫറൻസ് ഡിസംബർ 29, 30 തീയതികളിൽ കേരളത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വിദേശ മലയാളികളുടെ ക്ഷേമകാര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നൂറ് ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കാൻ ഇതിനകം ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മിന്നൽ പണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ അംഗീകാരമുള്ള മൂന്ന് ട്രേഡ് യൂണിയൻ നേതാക്കന്മാരും എസ്.പി.യും അടക്കമുള്ള സമിതികളെ പരീക്ഷണാർത്ഥം ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. തൊഴിൽരംഗത്തെ ഏറ്റവും വലിയ പ്രശ്നമായ നോക്കുകൂലി സമ്പ്രദായം അവസാനിപ്പിക്കണം. നോക്കുകൂലി ഒഴിവാക്കി തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനായി കേരളത്തിലെ ട്രേഡ് യൂണിയൻ നേതാക്കൻമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചു. നവംബർ ഒന്നുമുതൽ വെബ്സൈറ്റിൽ നോക്കുകൂലി സംബന്ധമായ വിശദാംശം നൽകുന്നതോടൊപ്പം ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. മൈഗ്രന്റ് വർക്കേഴ്സിന്റേയും ഫിഷിംഗ് ഹാർബറിന്റേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ലേബർ എൻഫോഴ്സ്മെന്റ് ഡിപ്പാർട്ടുമെന്റിലെ പോരായ്മകൾ പരിഹരിക്കുന്നതിന് 28 എ.എൽ.ഒ.മാരുടെയും മൂന്ന്

എൻഫോഴ്സ്മെന്റ് ഡി.എൽ.ഒ.മാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിന് 82 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ സ്വന്തമായി കെട്ടിടമുള്ള എല്ലാ ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും നവീകരിക്കുന്നതിന് 9.74 കോടി രൂപയുടെ അംഗീകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമായിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ബി.പി.എൽ.-ന് പുറമെ മറ്റ് വിഭാഗങ്ങളേയും കൂടി ഉൾക്കൊള്ളിക്കുന്ന സ്കീമിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ശ്രീ ചിത്തിരതിരുനാൾ ഹോസ്പിറ്റൽ, ആർ.സി.സി. എന്നിവ ഇതിന്റെ ഭാഗമാക്കാനും കരൾ, തലച്ചോർ സംബന്ധമായ രോഗങ്ങൾ, ആക്സിഡന്റ് മുതലായവ ഈ സ്കീമിൽ ഉൾപ്പെടുത്തി നിലവിലുള്ളതിനേക്കാൾ ഗുണം ലഭ്യമാകുന്ന തരത്തിൽ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വിദേശങ്ങളിലും ഇന്ത്യയിലുമുള്ള കമ്പനികളിൽ ആളുകളെ നിയമിക്കത്തക്കവിധത്തിൽ ഒഡേപക്-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സിന് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പതിനേഴായിരം ആളുകളുടെ രജിസ്ട്രേഷൻ നടത്തി. ഈ കാർഡ് ഇഷ്യൂ ചെയ്യുന്നതിന് കെൽട്രോണിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഒരു വർഷത്തിനകം കേരളത്തിലെ ഒരു ലക്ഷം പേരെ ഇതിൽ അംഗങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് മുൻകയ്യെടുത്ത് ഘട്ടംഘട്ടമായി ഇവർക്ക് ലേബർ അക്കൊമഡേഷൻ ഏർപ്പെടുത്തുന്നതാണ്. ക്ഷേമനിധി ബോർഡുകളും അവർ പണം ഡെപ്പോസിറ്റ് ചെയ്യുന്ന ബാങ്കുകളും ചേർന്ന് കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡിയോടുകൂടി ഈ മേഖലയിലെ തൊഴിലാളി

കൾക്ക് അഫോർഡബിൾ ഹൗസിംഗ് സ്കീം നടപ്പാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. മെയ്സൺ മുതൽ മെക്കാനിക്കൽ/സിവിൽ എഞ്ചിനീയർ വരെയുള്ളവർക്കായി സ്കിൽഡ് അപ്ഗ്രഡേഷനുള്ള ഒരു കൺസ്ട്രക്ഷൻ അക്കാഡമി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഡാറ്റാ ബേസായി ഉപയോഗിച്ച് സ്കിൽ മാപ്പ് തയ്യാറാക്കി അനുയോജ്യമായ പരിശീലനം കൊടുത്ത് ഡിപ്ലോയ് ചെയ്യുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും ഐ.ടി.ഐ.കളേയും നവീകരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി)</u> : കേരളത്തിന് അനുയോജ്യമായ ന്യൂ ജനറേഷൻ ഇൻഡസ്ട്രീസ് ധാരാളം വന്നുകൊണ്ടിരിക്കുന്നതിനാൽ അതിനനുസരിച്ച് വ്യവസായനയം രൂപീകരിക്കേണ്ടത് ആവശ്യമാണ്. വ്യാവസായിക നിക്ഷേപങ്ങളുടെ ഏറ്റവും നല്ല സംസ്ഥാനമായി വളർന്നുവരാനുള്ള സാധ്യത കേരളത്തിനുണ്ട്. ഉല്പാദന രംഗത്ത് നിക്ഷേപങ്ങൾ കൊണ്ടുവരാൻ യോജിച്ച നിലപാടെടുക്കുന്നതിന് പ്രതിപക്ഷത്തിന്റെകൂടി സഹകരണം ആവശ്യമാണ്. ഐ.ടി. മിഷൻ റീ-സ്ട്രക്ച്ചർ ചെയ്യുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുന്നതാണ്. കേരളത്തെ ഏറ്റവും നല്ല ഐ.ടി. ഡെസ്റ്റിനേഷനാക്കി മാറ്റുക എന്ന ലക്ഷ്യം വച്ച് ഒട്ടേറെ നടപടികൾ സർക്കാർ ആവിഷ്ക്കരിക്കുന്നതാണ്. ഇന്ന് കേരളത്തിന്റെ വ്യവസായ രംഗത്ത് ശോഭിച്ചുനിൽക്കുന്ന കിൻഫ്ര, ടെക്നോപാർക്ക്, ടെക്നോസിറ്റി, ഇൻഫോപാർക്ക് മുതലായവ കേരളത്തിന്

സംഭാവന ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടിത്തറപാകിയതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന് പൊതുമേഖലാ രംഗത്ത് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുള്ളത്. ഇൻകെലിന്റെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മലബാർ സിമന്റ്സ്, കെ.എം.എം.എൽ. തുടങ്ങിയ പൊതുമേഖലാസ്ഥാപന ങ്ങളിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച് അന്വേഷിക്കുന്ന താണ്. കെ.എം.എം.എൽ.-ൽ വിദഗ്ദ്ധരും യോഗ്യതയുള്ളവരുമായ ഉദ്യോഗ സ്ഥരെയാണ് മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലുള്ള ഓർഗാനിക് പാർക്കിന്റെ പ്രവർത്തനം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാനും വയനാട് ജില്ലയിൽ ഫുഡ് പ്രോസ സ്സിംഗ് പാർക്ക് ആരംഭിക്കുന്നതിലുള്ള നിയമതടസ്സം നീക്കി പ്രാവർത്തികമാ ക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ടെക്നോസിറ്റിയുടെ പണി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് ടാറ്റായുമായി കരാർ ഒപ്പു വച്ചുകഴിഞ്ഞു. നഗരവികസനത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകു ന്നത് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്കാണ്. പാവപ്പെട്ടവർക്ക് തൊഴില വസരങ്ങൾ, പാർപ്പിട സൗകര്യം, മാലിന്യ നിർമ്മാർജ്ജനം, അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ള വിതരണം, സ്വീവേജ് പദ്ധതികൾ തുടങ്ങിയവയ്ക്ക് കേന്ദ്ര പദ്ധതികൾവഴി ലഭ്യമാകുന്ന മുഴുവൻ തുകയും സമയബന്ധിതമായി ചെലവഴിച്ചുകൊണ്ട് പദ്ധതികൾ പൂർത്തിയാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മാലിന്യനിർമ്മാർജ്ജനത്തിനായി പത്ത് പരിപാടികൾ ഈ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ധനസഹായം നൽകിക്കൊണ്ടും റെസിഡൻസ്

അസോസ്സിയേഷനുകളുൾപ്പെടെയുള്ള എൻ.ജി.ഒ.കളുടെ സഹകരണത്തോടെയും സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള പ്രോത്സാഹനം നൽകിക്കൊണ്ടും എം.എൽ.എ. മാരുടെ നേതൃത്വത്തിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. നഗരത്തിലെ പാവപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന കൂട്ടത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേകം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും 65-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.16-ന് പിരിഞ്ഞു.

@@@@@@@@@